(സി) ഡി.ഐ.ജി. 1

എസ്.പി. 1

(ഡി) തീരുമാനമെടുക്കേണ്ടത് കോടതിയാണ്.

പോലീസ് ഉദ്യോഗസ്ഥൻമാരുടെ ബിരുദാനന്തര പഠനം

986 [1590] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഈവനിംഗ് ക്ലാസിൽ ചേർന്നു വിദ്യാഭ്യാസം നടത്താൻ നിലവിലുള്ള കോണ്ടക്റ്റ് റൂൾസ് അനുവദിക്കുന്നുണ്ടോ;

(ബി) എറണാകുളം ഡി.ഐ.ജി. ഓഫീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെ, എൽ.എൽ.ബി. ഈവനിംഗ് ക്ലാസിൽ ചേർന്നു പഠിക്കാൻ അനുവദിക്കാതിരുന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കൃത്യനിർവ്വഹണത്തിനു ഭംഗംവരുമെന്നുള്ള കാര്യം പരിഗണിച്ച് പോലീസ് ഉദ്യോഗസ്ഥൻമാരെ ഈവനിംഗ് ക്ലാസിൽ ചേർന്നു പഠിക്കാൻ അനുവദിക്കുന്ന ഇന്നത്തെ സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കോണ്ടക്റ്റ് റൂൾസിൽ വ്യക്തമായ നിയമങ്ങളും ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പോലീസ് സ്റ്റാൻഡിംഗ് ഓർഡർപ്രകാരം എല്ലാ പോലീസ് ഉദ്യോഗസ്ഥൻമാരും മുഴുവൻ സമയവും കൃത്യനിർവ്വഹണത്തിന് തയ്യാറായിരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ അപേക്ഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനു തടസ്സം വരില്ലെന്നു തികച്ചും ബോദ്ധ്യം വന്നാൽ അപേക്ഷകനെ ഈവനിംഗ് ക്ലാസിൽ ചേർന്നു പഠിക്കാൻ അനുവദിക്കുന്നതിൽ ഒതറില്ല.

ഓഫീസർ ഗ്രേഡിലുള്ള വനിതാ പോലീസുകാർ

987 [1591] ശ്രീ. വി.ജെ. ജോസഫ്:

,, കെ. വി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ പോലീസുവകുപ്പിൽ എത്ര വനിതാ പോലീസുകാർ ഉണ്ടെന്നു വ്യക്തമാക്കുമോ;

(ബി) അവരിൽ എത്ര പേർ ഓഫീസർ ഗ്രേഡിൽ ഉള്ളവരാണ്?

ഉത്തരം

(എ) 263

(ബി) 8 പേർ. (സബ് ഇൻസ്പെക്ടർമാർ)

LIBRARY ARCHIVES Kerala Legislative Assembly